**കേരള സർക്കാർ**

**<u>സംഗ്രഹം</u>**

തദ്ദേശ സ്വയംഭരണ വകുപ്പ് - കുടുംബശ്രീ - അഗതിരഹിത കേരളം പദ്ധതി മാർഗ്ഗരേഖയിലെ ഖണ്ഡിക 3.1.5 ഭേദഗതി വരുത്തി - ഉത്തരവ് പുറപ്പെടുവിക്കുന്നു.

---

**തദ്ദേശ സ്വയംഭരണ (ഐ.എ) വകുപ്പ്**

**സ.ഉ.(എം.എസ്) നം.182/2018/തസ്വഭവ. തിരുവനന്തപുരം,തീയതി: 05/12/2018**

---

പരാമർശം:- 1. 14/12/2017-ലെ സ.ഉ(എം.എസ്)നം.252/2017/തസ്വഭവ

2. 14/09/2018-ലെ സ.ഉ(എം.എസ്)126/18/തസ്വഭവ.

3. കുടുംബശ്രീ എക്സിക്യൂട്ടീവ് ഡയറക്ടറുടെ 10.[illegible].2018-ലെ 8696/17/ കെ.എസ്.എച്ച്.ഒ. നമ്പർ കത്ത്

<u>ഉത്തരവ്</u>

ആശ്രയ ഒന്നും രണ്ടും ഘട്ടങ്ങളിലായി 25 ലക്ഷം രൂപ വരെ ഒരു തദ്ദേശ സ്വയംഭരണ സ്ഥാപനത്തിന് ചലഞ്ച് ഫണ്ട് കുടുംബശ്രീയിൽ നിന്നും അനുവദിച്ചിരുന്നതായും ടി തുക കുറവ് ചെയ്താൽ അഗതിരഹിത കേരളം പദ്ധതിക്കായി ഒരു തദ്ദേശ സ്വയംഭരണ സ്ഥാപനത്തിന് 15 ലക്ഷം രൂപയാണ് ചലഞ്ച് ഫണ്ടായി അനുവദിക്കാൻ കഴിയുന്നതെന്നും, അഗതിരഹിത കേരളം പദ്ധതി തയ്യാറാക്കിയ 80 തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളിലും ചലഞ്ച് തുക 15 ലക്ഷം ആധികരിക്കുന്ന സാഹചര്യത്തിൽ പരാമർശം(1) പ്രകാരമുള്ള മാർഗ്ഗരേഖയിലെ നിലവിലുള്ള ഖണ്ഡിക 3.1.5 ഒഴിവാക്കിക്കൊണ്ട് ഭേദഗതി ഉത്തരവ് പുറപ്പെടുവിക്കണമെന്ന് കുടുംബശ്രീ എക്സിക്യൂട്ടീവ് ഡയറക്ടർ പരാമർശം (3) പ്രകാരം സർക്കാരിനോട് അഭ്യർത്ഥിക്കുകയുണ്ടായി.

(2) സർക്കാർ ഇക്കാര്യം വിശദമായി പരിശോധിച്ച് പരാമർശം(1) ലെ ഉത്തരവിൽ ചുവടെ ചേർക്കും പ്രകാരം ഭേദഗതി വരുത്തി ഉത്തരവ് പുറപ്പെടുവിക്കുന്നു.

| മാർഗ്ഗരേഖയിൽ നിലവിലുള്ളത് | ഭേദഗതി ചെയ്തത് |
|---|---|
| <u>ഖണ്ഡിക : 3.1.5</u><br>ആശ്രയ പദ്ധതി പ്രകാരം മുൻപ് അനുവദിച്ചിട്ടുള്ള തുകകൾ കുറവ് ചെയ്ത് ബാക്കി തുകയായിരിക്കും അഗതിരഹിത കേരളം പദ്ധതിക്കായി അനുവദിക്കുക. | <u>ഖണ്ഡിക : 3.1.5</u><br>ആശ്രയ പദ്ധതിക്ക് മുൻപ് അനുവദിച്ചിട്ടുള്ള തുകകളിൽ ബാക്കി വരുന്ന തുക അഗതിരഹിത കേരളം പദ്ധതിക്കായി വിനിയോഗിക്കേണ്ടതാണ്. |

(3) പരാമർശം (1)ലെയും 2) ലെയും ഉത്തരവുകൾ മേൽ ഭേദഗതികളോടെ നിലനില്ക്കുന്നതാണ്.

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)

ശ്രീകല സി.എസ്
ഡെപ്യൂട്ടി സെക്രട്ടറി

എക്സിക്യൂട്ടീവ് ഡയറക്ടർ, കുടുംബശ്രീ, തിരുവനന്തപുരം
മെമ്പർ സെക്രട്ടറി, സംസ്ഥാന ആസൂത്രണ ബോർഡ്, തിരുവനന്തപുരം
നഗരകാര്യ ഡയറക്ടർ, തിരുവനന്തപുരം
പഞ്ചായത്ത് ഡയറക്ടർ, തിരുവനന്തപുരം
കമ്മീഷണർ, ഗ്രാമവികസന വകുപ്പ്, തിരുവനന്തപുരം
എല്ലാ ജില്ലാ കളക്ടർമാർക്കും (കുടുംബശ്രീ എക്സിക്യൂട്ടീവ് ഡയറക്ടർ മുഖാന്തിരം)
എല്ലാ തദ്ദേശ സ്വയംഭരണ സ്ഥാപന പ്രസിഡന്റ്/സെക്രട്ടറിമാർക്കും (കുടുംബശ്രീ എക്സിക്യൂട്ടീവ് ഡയറക്ടർ മുഖാന്തിരം)
എല്ലാ കോർപ്പറേഷൻ മേയർമാർക്കും (കുടുംബശ്രീ എക്സിക്യൂട്ടീവ് ഡയറക്ടർ മുഖാന്തിരം )
എല്ലാ ജില്ലാ ആസൂത്രണ സമിതികൾക്കും (കുടുംബശ്രീ എക്സിക്യൂട്ടീവ് ഡയറക്ടർ മുഖാന്തിരം )
പ്രിൻസിപ്പൽ അക്കൗണ്ടന്റ് ജനറൽ (ആഡിറ്റ്/എ&ഇ) കേരളം, തിരുവനന്തപുരം
എക്സിക്യൂട്ടീവ് ഡയറക്ടർ, ഇൻഫർമേഷൻ കേരള മിഷൻ, തിരുവനന്തപുരം
കരുതൽ ഫയൽ/ഓഫീസ് കോപ്പി

ഉത്തരവിൻ പ്രകാരം

സെക്ഷൻ ഓഫീസർ